കേരള സർക്കാർ
ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പ്
ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്
ശാന്തി നഗർ, തിരുവനന്തപുരം - 695001
ഫോൺ: 0471-2330558, 0471-2331104
Email:cei.kerala@kerala.gov.in
celkerala@gmail.com
Website: www.ceikerala.gov.in

An IS 15700 : 2018 Certified Department

## ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ നടപടിക്രമം
## ഹാജർ: വിനോദ്.ജി

വിഷയം : ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് - ജീവനക്കാര്യം - തിരുവനന്തപുരം ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയത്തിലെ ക്ലാർക്ക് ശ്രീ.ജോമോൻ ജോസഫ്-നെ ആലപ്പുഴ ജില്ലാ ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയത്തിലേക്ക് സ്ഥലംമാറ്റി നിയമിച്ച് ഉത്തരവാകുന്നു.

പരാമർശം :
1. ആലപ്പുഴ ജില്ലാ പി.എസ്.സി.ഓഫീസറുടെ 20/09/2022 തീയതിയിലെ AR2-3/3/2021-KPSC-DOALP-XXI നമ്പർ നിയമന ശുപാർശ.
2. ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ 29/10/2022 തീയതിയിലെ സിഇഐ/19514/2022-ഇ3 നമ്പർ നിയമന ഉത്തരവ്.
3. ശ്രീ.ജോമോൻ ജോസഫ്-ന്റെ 11/12/2024 തീയതിയിലെ അപേക്ഷ.

<u>**ഉത്തരവ് നമ്പർ: സിഇഐ/6519/2024-ഇ2 തീയതി: 06-06-2025**</u>

തിരുവനന്തപുരം ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെകാര്യാലയത്തിലെ ക്ലാർക്ക് ശ്രീ.ജോമോൻ ജോസഫ് (PEN: 942225) ആലപ്പുഴ ജില്ലാ ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയത്തിലേക്ക് സ്ഥലം മാറ്റം ലഭിക്കുന്നതിനായി പരാമർശം (3) പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ടിയാൻ ആലപ്പുഴ ജില്ലാ പി.എസ്.സി. ഓഫീസറുടെ നിയമന ശുപാർശയുടെ അടിസ്ഥാനത്തിൽ പരാമർശം (1) പ്രകാരം ആസ്ഥാന ഒഴിവിൽ നിയമനം കിട്ടി ജോലിയിൽ പ്രവേശിച്ച ഉദ്യോഗസ്ഥനാണ്. ആലപ്പുഴ ജില്ലാ ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയത്തിലെ സീനിയർ ക്ലാർക്ക് ശ്രീമതി.ഗീതമ്മ.പി.സി 31/05/2025-ന് സേവനത്തിൽ നിന്നും അട്ടുത്തുൺ പറ്റി വിരമിച്ചതു മുഖേന ആലപ്പുഴ ജില്ലാ ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയത്തിൽ ക്ലാർക്ക് തസ്തികയിൽ ഒരു ഒഴിവ് നിലവിൽ വന്നിട്ടുണ്ട്.

ഈ സാഹചര്യത്തിൽ, കേരള പബ്ലിക് സർവീസ് കമ്മീഷൻ ആലപ്പുഴ ജില്ലാ ഓഫീസർ ശുപാർശ ചെയ്ത് ആസ്ഥാന ഒഴിവിൽ ജോലിയിൽ പ്രവേശിച്ച ഉദ്യോഗസ്ഥൻ എന്ന നിലയ്ക്ക് സ്വന്തം ജില്ലയിലേയ്ക്ക് (DRB) ഒഴിവ് വരുമ്പോൾ സ്ഥലംമാറ്റത്തിന് നിയമപരമായ അർഹതയുള്ളതിനാൽ ക്ലാർക്ക് ശ്രീ.ജോമോൻ ജോസഫ്-നെ ആലപ്പുഴ ജില്ലാ ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയത്തിലെ നിലവിലുള്ള ഒഴിവിലേയ്ക്ക് സ്ഥലം മാറ്റി നിയമിച്ചുകൊണ്ട് ഉത്തരവാകുന്നു. ടിയാൻ തിരഞ്ഞെടുക്കപ്പെട്ട ആലപ്പുഴ ജില്ലയിലേയ്ക്കാണ് സ്ഥലംമാറ്റം

എന്നതിനാൽ ടിയാന്റെ ക്ലാർക്ക് തസ്തികയിലെ സീനിയോറിറ്റി കെ.എസ്.&എസ്.എസ്.ആർ ഭാഗം രണ്ട് ചട്ടം 27(സി) പ്രകാരം ടിയാന്റെ നിയമന ശുപാർശ തീയതി മുതൽ കണക്കാക്കുന്നതാണ്.

Signed by
Vinod G
Date: 06-06-2025 11:15:45
**ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ**

ശ്രീ.ജോമോൻ ജോസഫ്, ക്ലാർക്ക്.

പകർപ്പ്:

1. സെക്രട്ടറി, കെ.എസ്.ഇ.എൽ.ബി
2. ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, ആലപ്പുഴ
3. അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
4. അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് (ഭരണം)/(കെ.എസ്.ഇ.എൽ.ബി)
5. ഇ3 സെക്ഷൻ
6. സൂപ്രണ്ട് എം സെക്ഷൻ
7. ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ സി.എ
8. അഡീഷണൽ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ സി.എ
9. ഐ.ടി.വിഭാഗം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
10. കരുതൽ/അധികം